ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എ.ഡി.സി6/5697/2015/ഹ.സെ.വി.** **തീയതി : 09.08.2016**

**അതീവ അടിയന്തിരം**

## സർക്കുലർ

വിഷയം: ഹയർ സെക്കണ്ടറി വിദ്യാഭ്യാസം -- ജീവനക്കാര്യം -- ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം - ഒരു തസ്തികയിൽ ഒന്നിലധികം പേർ ജോലി ചെയ്യുന്ന വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

21/05/2016 ലെ എ.ഡി.സി6/5697/2015/ഹ.സെ.വി നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവിലൂടെ സ്ഥലംമാറ്റ അദ്ധ്യാപകരുടെ വിവരങ്ങൾ hscap വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാൻ 06.08.2016 ലെ എ.ഡി.സി. 6/32710/എച്ച്.എസ്./16 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ ഉത്തരവ് പ്രകാരം നിരവധി അദ്ധ്യാപകർ തൽസ്ഥാനത്ത് തുടരുന്നതിനാൽ ഒരു തസ്തികയിൽ ഒന്നിലധികം അദ്ധ്യാപകർ തുടരുന്ന സ്ഥിതി നിലവിലുണ്ട്. ആയതിനാൽ ബഹു. കോടതി മുമ്പാകെയുള്ള കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനായി ടി അദ്ധ്യാപകരുടെ വിവരങ്ങൾ 10.08.2016 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് മുൻപ് **adc6transfer@gmail.com** ലേക്ക് ഇതോടൊപ്പമുള്ള ഫോർമാറ്റിൽ മെയിൽ ചെയ്യേണ്ടതാണ്. **ഒരു തസ്തികയിൽ ബഹു. കോടതി ഉത്തരവ് പ്രകാരം ഒന്നിലധികം അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെങ്കിൽ, അവരുടെ മാത്രം വിവരങ്ങൾ അപ്‌ലോഡ് ചെയ്താൽ മതിയാകും.**

**ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം തൽസ്ഥാനത്ത് തുടരുന്ന അദ്ധ്യാപകർ ഒ.എ. നമ്പർ, കേസിന്റെ തൽസ്ഥിതി എന്നിവ ബന്ധപ്പെട്ട പ്രിൻസിപ്പൽമാരെ ഉടൻ തന്നെ അറിയിക്കേണ്ടതാണ്.**

**ഒപ്പ്/-**
**എം.എസ്.ജയ ഐ എ എസ്**
**ഡയറക്ടർ**

**പകർപ്പ്** : 1. എല്ലാ പ്രിൻസിപ്പൽമാർക്കും
2. **O.A** ഫയൽ ചെയ്ത എല്ലാ അദ്ധ്യാപകർക്കും

(ബഹു. കോടതിയുടെ ഉത്തരവ് പ്രകാരം തൽസ്ഥിതിയിൽ തുടരുന്ന അദ്ധ്യാപകർ ഉണ്ടെങ്കിൽ മാത്രം ചുവടെ ചേർത്തിരിക്കുന്ന പ്രൊഫോർമ പൂരിപ്പിച്ച് അയച്ചു തരേണ്ടതാണ്.)

**സ്കൂളിന്റെ പേര് :** **സ്കൂൾ കോഡ് :**

| വിഷയം | അനുവദിച്ച തസ്തികയുടെ എണ്ണം | നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ പേര് HSST/HSST (Jr) | ബഹു. KAT ഉത്തരവ് പ്രകാരം തൽസ്ഥിതിയിൽ തുടരുന്ന അധിക അദ്ധ്യാപകരുടെ പേര് | ഒരു തസ്തികയിൽ തന്നെ അധികമായി തുടരുന്ന അദ്ധ്യാപകരുടെ എണ്ണം | O.A നമ്പർ |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

**ഒപ്പ്**
**പ്രിൻസിപ്പാൾ**